അണ്ടർഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാരുടെ ശമ്പളം

*ചോദ്യം. (8) ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പുതിയതരം മിഡിൽ സ്കൂളിലെ അണ്ടർഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാരുടെ ശമ്പളം, പഴയ മിഡിൽസ്കൂളിലെ അണ്ടർഗ്രാഡ്വേറ്റ് അദ്ധ്യാപകരുടെ ശമ്പളത്തോട് ഐകരൂപ്യം വരുത്തുവാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി ഇതിനകം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : ഈ വിഷയം ഗവൺമെന്റിന്റെ ആലോചനയിലിരിക്കുകയാണ്.

RATIONING OF FOOD

*144. [5] **Sri. N. D. Jose :** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state:—

(*a*) whether the allotted rations of food are satisfactorily distributed in all the taluks in the State;

(*b*) whether the Government is aware of complaints from many taluks that full percentage of rations are not supplied, or that in some weeks of the month no rations are supplied;

(*c*) if so, has the Government been pleased to investigate the causes; and

(*d*) if so, the reasons that led to such a break down in the rationing system?

Chief Minister **(Sri. T. K. Narayana Pillai) :**

(*a*) Distribution was on the whole satisfactory except towards the end of August, when due to the non-receipt of any quota from outside, the distribution was not satisfactory in taluks where local paddy was not available for procurement.

(*b*) In some taluks full rice portion of the ration could not be made available. All efforts were however made to minimise breakdowns.

(*c*) All complaints were investigated.

(*d*) Breakdown in rationing was due to inadequacy of stocks due to non-allotment of any quota for August from outside.

ശ്രീ. എ. കെ. പാച്ചുപിള്ള : അരി ഇതുവരെ അനുവദിച്ചിട്ടുള്ള അളവനുസരിച്ചു കിട്ടാത്ത താലൂക്കുകൾ ഏതെല്ലാമെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള : ശരിയായ അളവിൽ കിട്ടാത്ത താലൂക്കുകൾ ഏതെല്ലാമാണെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. എല്ലാ താലൂക്കിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിക്കുന്നതെന്നറിഞ്ഞാൽ അതിനെപ്പറ്റി പറയാൻ തയാറാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള : പീരുമേട് താലൂക്കിൽ മൂന്നാഴ്ചക്കാലത്തോളം അരി ഒട്ടുതന്നെ കിട്ടീട്ടില്ല എന്നുള്ളതിനെ സംബന്ധിച്ചു വല്ല പരാതിയും ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : പരാതികൾ ഉണ്ടായിരുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള : ചങ്ങനാശ്ശേരിത്താലൂക്കിൽപ്പെട്ട ചില ഭാഗങ്ങളിൽനിന്നും അരി കിട്ടിയിട്ടില്ല എന്നു പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ചിലസ്ഥലങ്ങളിൽനിന്നെല്ലാം പരാതികൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. ആർ. കെ. രാമൻ : அகஸ்தீஸ்வரம் தாலுகாவிலிருந்து ஏதாவதொரு பராதி வந்ததுண்டா?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: வந்திருக்கலாம்.

Sri. R. K. Ram: May I know what action has been taken on the representation of Maria Antony?

Sri. T. K. Narayana Pillai: I cannot answer that question now.

ശ്രീ. ആർ. ശങ്കർ: ഇപ്പോൾ എല്ലാ താലൂക്കുകളിലും ശരിയായ അളവിൽ തന്നെ റേഷൻ കൊടുത്തുവരുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കൊടുത്തുവരുന്നുണ്ട്.

ശ്രീ. ആർ. ശങ്കർ: ഇപ്പോൾ ശരിയായ അളവിൽ റേഷൻ വിതരണം നടത്തുന്നതിലേക്ക വല്ല വ്യവസ്ഥകളും നടപ്പിലുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: വ്യവസ്ഥകൾ നടപ്പിലുണ്ട്.

ശ്രീ. ആർ. ശങ്കർ: ഇപ്പോൾ അങ്ങിനെ ശരിയായ അളവിൽ വിതരണം നടത്തുന്നില്ല എന്നുള്ളതിനെ സംബന്ധിച്ചു വല്ലസ്ഥലത്തുനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇന്നു കാലത്തു് അങ്ങിനെ ഒരു പരാതി കിട്ടിട്ടുണ്ട്. അതു സിവിൽ സപ്ലൈസ് കമ്മിഷണരുടെ അന്വേഷണത്തിനായി അയയ്ക്കുകയും ചെയ്തു.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഒരാളുടെ ജീവിതത്തിനു് അത്യാവശ്യമായി എത്ര ഔൺസ് അരി വേണമെന്നുള്ളതു ഗവൺമെന്റിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അരിയില്ലാതേയും ജീവിക്കാമെന്നുള്ള വരുന്നു്.

ശ്രീ. എസ്സ്. കുട്ടൻ: കൊച്ചി സംസ്ഥാനത്തിലെ ഏതെങ്കിലും താലൂക്കിൽ നിന്നു് ഇപ്രകാരമുള്ള പരാതി കിട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

Sri. K. P. Nilakanta Pillai: Sir, I wanted to know what is the quantity of rice, according to expert opinion, required for an adult here, where rice is the staple article of diet.

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഇവിടെ ഒരാളിനു് എത്ര അരി വേണമെന്നാണു് ഈ ഗവൺമെന്റിൽനിന്നും ഇൻഡ്യാഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇൻഡ്യാഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുള്ളതു് ഒരാളിനു ഏഴു ഔൺസ് അരി എന്ന കണക്കിൽ വേണമെന്നാണു്.

ശ്രീ. ജോസഫ് മാത്തൻ: കൊച്ചികണയന്നൂർ താലൂക്കിൽ ഒരാളിനു ഏഴു ഔൺസ് അരി എന്നകണക്കിൽ വിതരണംചെയ്തിരുന്നപ്പോൾ അയൽതാലൂക്കായ ചേർത്തല താലൂക്കിൽ വെറും രണ്ടു് ഔൺസ് മാത്രമാണു് വിതരണംചെയ്തു വന്നിരുന്നതെന്നു ഗവൺമെന്റിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ശരിയല്ല. ഈ ഐക്യസംസ്ഥാനത്തു് ഒരുസ്ഥലത്തും ഏഴു ഔൺസ് അരിയിൽ കൂടുതൽ കൊടുത്തിട്ടില്ല എന്നുള്ളതാണു് വാസ്തവം.

ശ്രീ. ജോസഫ് മാത്തൻ: അങ്ങിനെ നിബന്ധനയുള്ളപ്പോൾ ചേർത്തല താലൂക്കിൽ വെറും രണ്ടു് ഔൺസ് അരിയാണു് കിട്ടിക്കൊണ്ടിരുന്നതു്. അതിനു പ്രത്യേകമായി വല്ല കാരണവുമുണ്ടായിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ നാരായണപിള്ള : പ്രത്യേകകാരണങ്ങൾ ഒന്നുമുണ്ടായിരുന്നില്ല.

ശ്രീ. ജോസഫ് മാത്തൻ : അതേസംബന്ധിച്ചു ഗവണ്മെണ്ട് അന്വേഷണം നടത്തി വേണ്ട പരിഹാരമുണ്ടാക്കിയിട്ടില്ലെങ്കിൽ ചേത്തല താലൂക്കിലുള്ളവർ നിത്യദാരിദ്ര്യം അനുഭവിക്കേണ്ടിവരും എന്നുള്ളതു ഗവണ്മെണ്ടിനറിയാമോ ?

മിസ്റ്റർ സ്പീക്കർ : ആ ചോദ്യം അനുവദിക്കുന്നില്ല, ഉത്തരം പറയേണ്ട ആവശ്യമില്ല.

EX-SERVICE PERSONNEL

*145. [6] Sri. D. Gnanasigamoni : Will the Hon'ble Minister for Land be pleased to state :—

(a) whether any special concession is shown to ex-service personnel in the matter of assignment of lands ;

(b) the total number of ex-servicemen who had applied for such land ; and

(c) the total area of land assigned to them so far ?

Chief Minister (Sri. T. K. Narayana Pillai):

(a) Yes.

(b) 8,156.

(c) 7,423 acres 98 cents.

Sri. D. Gnanasigamoni : Is it true that such assignments are now kept in abeyance ?

Sri. T. K. Narayana Pillai : I am not in a position to say definitely, but, if my memory is correct, there has been such an order.

Sri. D. Gnanasigamoni : May I know whether there is any direction from the Centre that the ex-servicemen should be given top priority in the matter of assignment of lands ?

Sri. T. K. Narayana Pillai : That has been the policy adopted by this Government all along.

ശ്രീ. കെ. രാമചന്ദ്രൻ : ലാൻറ് കമ്മിറ്റിയിൽ എക്സ്സർവ്വീസുകാരുടെ പ്രതിനിധികൾ ആരെങ്കിലുമുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : നോട്ടീസുകൂടാതെ ആ ചോദ്യത്തിനു് ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. രാമചന്ദ്രൻ : ഐ. എൻ. എ. കാരെ എക്സ്സർവ്വീസുകാരായി പരിഗണിക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അവരെ അങ്ങിനെതന്നെ പരിഗണിക്കേണ്ടതാണെന്നു് ഇൻഡ്യാഗവണ്മെണ്ടിന്റെ പ്രത്യേകനിർദ്ദേശമുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു് : എക്സ്സർവ്വീസുകാർക്കു ഭൂമി കൊടുക്കുന്നതു വ്യക്തികൾക്കായിട്ടാണോ, അതോ സഹകരണസംഘങ്ങൾക്കാണോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു രണ്ടുതരത്തിലും ഉണ്ടെന്നാണു് തോന്നുന്നതു്.

EX-A. N. S. NURSES

*146. [7] Sri. Joseph Mathew : Will the Hon'ble Minister for Finance and Revenue be pleased to state whether Ex-A. N. S. Nurses are eligible for appointment in the Government Hospital as Nurses irrespective of their educational qualifications ?

LIBRARY ARCHIVES Kerala Legislative Assembly